പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
(2018-19)

## THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS
(2018-19)

2018 ഫെബ്രുവരി 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th February, 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VI

# (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം

# (EDUCATION)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

(2018-19)

**THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2018-19)**

257/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2016-2018)

### ഘടന

അദ്ധ്യക്ഷൻ :

പ്രൊഫ. സി. രവീന്ദ്രനാഥ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

ശ്രീ. എ. സി. മൊയ്തീൻ,
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

അംഗങ്ങൾ:

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2018 ഫെബ്രുവരി 12, 16 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം ധനാഭ്യർത്ഥന നമ്പർ XVII (വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം)-ൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2018 ഫെബ്രുവരി മാസം 20-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്,
അദ്ധ്യക്ഷൻ,
സബ്ജക്ട്കമ്മിറ്റി *VI.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 20.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ—XVII വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

വോട്ട് ചെയ്യുന്നത് : 20,88,926 ലക്ഷം രൂപ

ചാർജ്ജ് ചെയ്യുന്നത് : 20 ലക്ഷം രൂപ

### പൊതുവിദ്യാഭ്യാസ വകുപ്പ്

2202-01-102-99-04(1)—ടീച്ചിംഗ് ഗ്രാന്റ് - യാത്രാചെലവുകൾ - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1.10 കോടി രൂപ

1. എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-98—സംരക്ഷണ സഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 8 കോടി രൂപ

2. സംരക്ഷണ സഹായം ഗണ്യമായി വർദ്ധിച്ചതിനാൽ പുതുക്കിയ നിരക്കനുസരിച്ച് വിതരണം ചെയ്യുന്നതിനായി എയ്ഡഡ് പ്രൈമറി സ്കൂളുകൾക്ക് 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-95—ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം വിതരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 68 കോടി രൂപ

3. ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 90 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-93—പി. റ്റി. എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 47.18 കോടി രൂപ

4. പി.റ്റി.എ.യുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും ആയമാർക്കും നിലവിലെ നിരക്കിൽ ഓണറേറിയം വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

257/2018.

2202-01-104-99—പരിശോധന

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 101.76 കോടി രൂപ

5. സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നിവയ്ക്കും ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയ്ക്കുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി 26 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-97—സർവ്വശിക്ഷ അഭിയാന്റെ ഭരണപരമായ ചെലവുകൾക്കുള്ള സംസ്ഥാന സഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 11 കോടി രൂപ

6. IED യുടെ ഭാഗമായി സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള 408 റിസോഴ്സ് അധ്യാപകർക്ക് റെമ്യൂണറേഷൻ നല്കുന്നതിന് 12 കോടി രൂപയും അധ്യാപകർക്ക് ഗണിതം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ കൂടുതൽ മികവ് ലഭിക്കുന്നതിന് യൂണിവേഴ്സിറ്റി, വിവിധ വിദഗ്ധ ഏജൻസികൾ എന്നിവ വഴി കോഴ്സുകൾ നൽകുന്നതിന് 5 കോടി രൂപയും ചേർത്ത് ആകെ 17 കോടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-112-93-04-(1)—പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം - യാത്രാ ചെലവുകൾ - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 2.10 ലക്ഷം രൂപ

7. ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഇതിനായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-99 -04—ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ - യാത്രാചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 20.38 ലക്ഷം രൂപ

8. വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത, അവധി യാത്രാനുകൂല്യം എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി 2 ലക്ഷം രൂപ വീതം ആകെ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-98-01(4)—<u>മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)- ശമ്പളം - മെഡിക്കൽ റിഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 20.27 ലക്ഷം രൂപ

9. സംസ്ഥാനത്തെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് കുടിശ്ശിക നൽകുന്നതിന് <u>5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-02-001-94—<u>ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കൻററി എഡ്യുക്കേഷൻ (പ്ലസ് ടു)</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 66.7696 കോടി രൂപ

10. ഹൗസിംഗ് ബോർഡിന്റെ കീഴിലുള്ള കെട്ടിടത്തിലാണ് ഹയർസെക്കന്ററി ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത്. വാടക കുടിശ്ശികയിനത്തിൽ ഹൗസിംഗ് ബോർഡിന് നൽകുന്നതിനായി <u>1.18 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-02-101-99—<u>ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ - പരിശോധന</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 49.27 കോടി രൂപ

11. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിലും ഓഫീസുകളിലെ ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കരം, നികുതി കുടിശ്ശിക എന്നിവ നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-02-105-95—<u>വിദ്യാഭ്യാസ പരിപാടിയുടെ വികസനം</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 8 കോടി രൂപ

12. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ പി. ജി. ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പത്ത് ദിവസത്തെ കോമ്പ്രിഹെൻസീവ് ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>4.26 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-02-109-99-04(1)—<u>സെക്കണ്ടറി സ്കൂളുകൾ - യാത്രാചെലവുകൾ - യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 57.75 ലക്ഷം രൂപ

13. സംസ്ഥാനത്തെ ഗവ. സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് <u>10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-02-109-63—സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്രമായ നവീകരണത്തിനുള്ള പദ്ധതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1 കോടി രൂപ

14. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. മിഷനിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കൂടാതെ ഓഫീസ് സംബന്ധമായ മറ്റു ചെലവുകൾക്ക് തുക അനുവദിച്ചിട്ടില്ല. ആയതിനാൽ 2.51 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-99-04(1)—ടീച്ചിംഗ് ഗ്രാൻറ് - യാത്രാചെലവുകൾ - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 2.50 ലക്ഷം രൂപ

15. സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരുടെയും ഇതര ജീവനക്കാരുടെയും യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-98—സംരക്ഷണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1.155 കോടി രൂപ

16. 2018-19 വർഷത്തിലെ പുതുക്കിയ നിരക്കനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകൾക്ക് സംരക്ഷണസഹായം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-110-92—ഗവൺമെന്റിതര സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 52.7107 കോടി രൂപ

17. സംസ്ഥാനത്തെ 32 ഗവൺമെന്റിതര അന്ധ, ബധിര, മൂക വിദ്യാലയങ്ങളിലെ കുട്ടികൾക്കുള്ള ബോർഡിംഗ് ഗ്രാന്റ് കുടിശ്ശിക നൽകുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-04-103-98—കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (എൽ. ഇ. എ. പി. കേരള മിഷൻ)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 17 കോടി രൂപ

18. പ്രേരക്മാർക്ക് ഓണറേറിയം വിതരണം ചെയ്യുന്നതിനായി 25.55 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-004-91-36—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് - സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 18.75 കോടി രൂപ

പദ്ധതിയേതരം - 1000 രൂപ

19. എസ്. സി. ഇ. ആർ. ടി. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-202-91—ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 45 കോടി രൂപ

20. സംസ്ഥാനത്തെ ഭൂരിപക്ഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കും പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളില്ല. 100-ൽ അധികം സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ മതിയായ തുക ലഭ്യമല്ലാത്തതിനാൽ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-101-99-34—ബധിര, മൂക, അന്ധവിദ്യാലയങ്ങൾ - മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 45 ലക്ഷം രൂപ.

21. സംസ്ഥാനത്തെ 7 ഗവൺമെന്റ് ബധിര, മൂക, അന്ധ വിദ്യാലയങ്ങളിലെ മറ്റു ചെലവുകൾ (ഡയറ്റ് ചാർജ്) ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

2202-03-001-96—കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും മേഖലാ ആഫീസുകളുടെയും നവീകരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 2 കോടി രൂപ

22. ഡയറക്ടറേറ്റിന്റെ ആവശ്യത്തിനായി കോൺഫറൻസ് ഹാൾ നവീകരണത്തിനും കമ്പ്യൂട്ടർ, ഇൻറർനെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിനുമായി 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-99—കേരള സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 310.0497 കോടി രൂപ

23. അധ്യാപക അനധ്യാപക വിഭാഗത്തിൽ പുതിയ നിയമനങ്ങളിന്മേൽ സർവ്വകലാശാലയ്ക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ ടി ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 25 കോടി രൂപ

പദ്ധതിയേതരം - 208.1488 കോടി രൂപ

24. ആവശ്യപ്പെട്ട തുകയിൽ നിന്നും അനുവദിച്ച തുകയിൽ വന്ന കുറവ് കാരണം പദ്ധതിയിനത്തിൽ 10.6 കോടി രൂപയും ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് സർക്കാർ നടപ്പിലാക്കിയ കരാർ/ദിവസ വേതന അടിസ്ഥാനത്തിലുള്ള ശമ്പള വർദ്ധനവ് നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 49.5 കോടി രൂപ പദ്ധതിയേതരയിനത്തിലും അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 25 കോടി രൂപ

പദ്ധതിയേതരം - 130.0839 കോടി രൂപ

25. വാർഷിക പദ്ധതി രേഖയിലുൾപ്പെടുത്തി വിഭാവന ചെയ്തിട്ടുള്ള വികസന ഗവേഷണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ 7.94 കോടി രൂപയും ശമ്പളം, പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 64.92 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 16.50 കോടി രൂപ

പദ്ധതിയേതരം - 63.4179 കോടി രൂപ

26. ഗസ്റ്റ് അദ്ധ്യാപകരുടെയും ദിവസവേതനജോലിക്കാരുടെയും വേതനമുൾപ്പെടെ ശമ്പളവും, അലവൻസുകളും, പെൻഷൻ ആനുകൂല്യങ്ങളും, യു. ജി. സി. ശമ്പളപരിഷ്കരണവും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും, അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരമുള്ള പ്രൊമോഷനുകളും ആയതിന്റെ ശമ്പള കുടിശ്ശികയും, മറ്റ് ഓഫീസ് ചെലവുകളും നൽകേണ്ടതിനാൽ പദ്ധതിയേതരയിനത്തിൽ 49.3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-92-31—കണ്ണൂർ സർവ്വകലാശാല - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 33.9428 കോടി രൂപ

27. അനധ്യാപക തസ്തികകൾ സർക്കാരിൽനിന്നും സർവ്വകലാശാലയ്ക്ക് അനുവദിക്കപ്പെടുന്നതിനാൽ 4.19 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-72—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 8.50 കോടി രൂപ

പദ്ധതിയേതരം - 4.0813 കോടി രൂപ

28. അദ്ധ്യാപക തസ്തികകൾ വർദ്ധിപ്പിച്ചതിനാലും അദ്ധ്യാപകരുടെ ശമ്പളത്തിലും അലവൻസുകളിലും വർദ്ധനവുണ്ടായതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1.92 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-99—ആർട്സും സയൻസും കോളേജുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 357.1302 കോടി രൂപ

29. യു.ജി.സി. പദ്ധതി നടപ്പിലാക്കുമ്പോൾ അദ്ധ്യാപകർക്കുള്ള കുടിശ്ശിക നൽകുന്നതിനായി 55.96 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-98—സംസ്കൃത കോളേജുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 7.5369 കോടി രൂപ

30. അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി 1.42 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-93—ട്രെയിനിംഗ് കോളേജുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 11.4896 കോടി രൂപ

31. അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി 1.79 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-92—തിരുവനന്തപുരം ലോ കോളേജ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1.50 കോടി രൂപ

പദ്ധതിയേതരം - 4.0481 കോടി രൂപ

32. വിവിധ അക്കാദമിക് പരിപാടികൾ, നവീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 15 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ, റ്റി. എ., വെള്ളക്കരം, വൈദ്യുതി ടെലഫോൺ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 8.73 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-90—എറണാകുളം ലോ കോളേജ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1.25 കോടി രൂപ

പദ്ധതിയേതരം - 3.8860 കോടി രൂപ

33. എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ജീവനക്കാരുടെ വേതനം, യാത്രാ ചെലവുകൾ, വെള്ളക്കരം, വൈദ്യുത ചെലവുകൾ, ടെലഫോൺ ചെലവുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 4.91 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-89—കോഴിക്കോട് ലോ കോളേജ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1.25 കോടി രൂപ

പദ്ധതിയേതരം - 3.5473 കോടി രൂപ

34. മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേതനം, യാത്രാ ചെലവുകൾ, വെള്ളക്കരം, ടെലഫോൺ ചെലവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 2.36 ലക്ഷം രൂപയും, മറ്റ് ചെലവുകൾക്കായി പദ്ധതിയിനത്തിൽ 42000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-85—തെരഞ്ഞെടുക്കപ്പെട്ട പ്രശസ്ത കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 30 ലക്ഷം രൂപ

35. കോളേജിൽ സി.ഡി.സി. ഫണ്ടായി കൂടുതൽ തുക ശേഖരിക്കുന്നത് കാരണം തത്തുല്യമായ തുക നൽകുന്നതിനു വേണ്ടി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-81—വിദ്യാഭ്യാസത്തിനായുള്ള ഉന്നത പഠന സ്ഥാപനവും അദ്ധ്യാപക പരിശീലനത്തിനുള്ള കോളേജുകളും

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 70 ലക്ഷം രൂപ

36. ട്രെയിനിംഗ് കോളേജുകൾക്ക് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-76—സർക്കാർ കോളേജുകളിൽ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും വികസനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 7.25 കോടി രൂപ

37. പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങിയതു കാരണം ലൈബ്രറികൾ, ലബോറട്ടറികൾ എന്നിവ നവീകരിക്കുന്നതിനും ഡിജിറ്റൽ ലൈബ്രറി സംവിധാനം, നെറ്റ്‌വർക്ക് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനുമായി പദ്ധതിയിനത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-75—കോളേജുകളിലെ അടിസ്ഥാന സൗകര്യവും നിലവാരവും ഉയർത്തൽ പരിപാടി (സി.ഐ.യു.പി)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 9 കോടി രൂപ

38. വിവിധ ആർട്സ് & സയൻസ് കോളേജുകളുടെ കെട്ടിടം, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ കാലോചിതമായി മെച്ചപ്പെടുത്തുന്നതിനായി 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-74—കോളേജുകൾക്ക് നാഷണൽ അസസ്മെന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം (നാക്)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 4 കോടി രൂപ

39. പുതിയ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനും നിലവിലുള്ള കോളേജുകളിൽ റീഅക്രഡിറ്റേഷൻ ലഭിക്കുന്നതിനും കോളേജുകളെ സജ്ജമാക്കുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-68—കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി (സി.ക്യു.ഐ.പി.)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 2 കോടി രൂപ

40. പുതിയ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-67—വിവര ആശയ വിനിമയ സാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസമിഷനുള്ള കണക്ടിവിറ്റി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 20 ലക്ഷം രൂപ

41. സിംഗിൾ ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭിക്കുന്നതിന് BSNL-ന് നൽകുന്നതിനായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-55—പഠനയാത്ര

ബഡ്ജറ്റ് വിഹിതം - ഇല്ല

42. സർക്കാർ കോളേജുകളുടെ എണ്ണം കൂടിയതിനാലും പല വിഷയങ്ങളുടെയും ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് പഠന പദ്ധതിയിൽ പഠന യാത്ര ഉൾപ്പെടുത്തിയിട്ടുള്ളതിനാലും 8 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

2202-03-104-99—ഡയറക്ട് പേമെന്റ് സിസ്റ്റത്തിൻ കീഴിൽ വരുന്ന ജീവനക്കാരുടെ ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1305.7919 കോടി രൂപ

43. യു. ജി. സി. സ്കീമിനനുസരിച്ച് പ്രൊമോഷൻ നടപ്പിലാക്കുകയാണെങ്കിൽ വരുന്ന അധിക ബാധ്യത പരിഹരിക്കുന്നതിന് 14 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-105-99—ഫാക്കൽട്ടി വികസനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 2 കോടി രൂപ

44. ഇന്ത്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽനിന്നും സർവ്വകലാശാലകളിൽ നിന്നും വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനായി 65 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-107-91—ആർട്സ്, സയൻസ്, ട്രെയിനിംഗ് സംഗീത അക്കാദമി കോളേജുകളിലെ അന്ധ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1.25 കോടി രൂപ

45. അപേക്ഷകരുടെ എണ്ണം അധികമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-107-90—ജില്ലാതലത്തിൽ ആദ്യത്തെ അഞ്ചു റാങ്ക് കിട്ടുന്ന പ്രീഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പ് നൽകുന്നതിന്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1.5 കോടി രൂപ

46. സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഡിഗ്രി/ പി.ജി. പഠനത്തിന് പ്രതിവർഷം 5000 രൂപ നൽകുന്നതിനായി 25 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-107-87—കോളേജ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 4.5 കോടി രൂപ

47. മുന്നോക്ക വിഭാഗത്തിലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഈ പദ്ധതിയിൽ അപേക്ഷകരുടെ എണ്ണം വളരെ അധികമായതിനാൽ 1.4 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-107-79—സാമൂഹ്യശാസ്ത്ര, ഭാഷാ അധ്യാപകർക്ക് സർവ്വകലാശാലകളിലും കേരളത്തിന് പുറത്ത് സെന്ററുകളിലും ഗവേഷണം നടത്തുന്നതിനുള്ള സ്കോളർഷിപ്പ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 50 ലക്ഷം രൂപ

48. സമൂഹത്തിന് പ്രയോജനകരമാകുന്നവിധം സ്കോളർഷിപ്പ് പദ്ധതി പരിഷ്കരിക്കുന്നതിനായി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-04-001-93—തുടർ വിദ്യാഭ്യാസ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 5 കോടി രൂപ

49. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണം, പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്നിവയ്ക്ക് കെട്ടിടം, അടിസ്ഥാന സൗകര്യവികസനം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷക്ക് സൗജന്യ പരിശീലനം തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ നടപ്പിലാക്കാൻ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-800-97—ഹിന്ദി സംസാരഭാഷയല്ലാത്ത സംസ്ഥാനങ്ങളിൽ നിന്നുള്ള പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഹിന്ദി പഠിക്കുന്നതിനുള്ള ഇന്ത്യാ ഗവൺമെന്റ് സ്കോളർഷിപ്പ് നൽകുന്നതിന്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 50,000 രൂപ

50. വിദ്യാർത്ഥികളുടെ എണ്ണം കൂടുതലായതിനാലും മുൻവർഷത്തെ തുക അപര്യാപ്തമായിരുന്നതിനാലും 5 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-003-96—സർക്കാർ കോളേജുകളിൽ എഡ്യുസാറ്റ് ഉപയോഗിച്ചുള്ള ടെലി പരിശീലനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 40 ലക്ഷം രൂപ

51. ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നുള്ള പ്രഗത്ഭരായ അദ്ധ്യാപകരെ ക്ഷണിച്ച് വരുത്തി വിവിധ വിഷയങ്ങളിൽ ക്ലാസെടുപ്പിക്കുന്നതിനും അത് റെക്കോർഡ് ചെയ്ത് സൂക്ഷിച്ച് ആവശ്യമുള്ളപ്പോൾ പ്രദർശിപ്പിച്ച് കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-004-85—കൈരളി റിസർച്ച് അവാർഡ്സ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 75 ലക്ഷം രൂപ

52. ഗവേഷണ പ്രവർത്തനങ്ങളിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്ക് അവാർഡുകൾ നൽകുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്ക് 65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-001-97—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും അനുബന്ധ ഓഫീസുകളും പരീക്ഷാ വിഭാഗവും

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1 കോടി രൂപ

53. ഡയറക്ടറേറ്റിലെയും റീജിയണൽ ഡയറക്ടറേറ്റുകളിലെയും ആഫീസ് ആധുനികവൽക്കരണം സാങ്കേതിക പരീക്ഷാ കൺട്രോളർ ഓഫീസിലെ സോഫ്റ്റ്‌വെയർ നവീകരണം തുടങ്ങിയ ആവശ്യങ്ങൾക്ക് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-001-95—എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഗ്രന്ഥശാലകൾ ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 3.5 കോടി രൂപ

54. ഇ-ജേണലുകൾ വാങ്ങുന്നതുൾപ്പെടെയുള്ള ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾക്ക് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.25 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-003-96-02(3)—ഉദ്യോഗ നിയമനവും പരിശീലനവും-വേതനം-മറ്റ് അലവൻസുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 26000 രൂപ

55. ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് വേതനം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 2.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-004-94—ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1 കോടി രൂപ

56. എഞ്ചിനീയറിംഗ് കോളേജുകളിലെ ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങളിൽ, ഓരോ കേന്ദ്രത്തിനും ഏകദേശം 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രാരംഭ ദശയിലെ പ്രവർത്തനങ്ങൾക്ക് നിലവിലെ തുക അപര്യാപ്തമായതിനാൽ അധികമായി 3.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-102-99—കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 24 കോടി രൂപ

പദ്ധതിയേതരം - 140.3745 കോടി രൂപ

57. ശമ്പള പരിഷ്കരണ കുടിശ്ശിക, യു.ജി.സി. പെൻഷൻ കുടിശ്ശിക, ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ, പുതുതായി നിയമനം ലഭിച്ചവർക്ക് ശമ്പളം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 26.78 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും സമയബന്ധിതമായി നടത്തുന്നതിനും വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനുമായി പദ്ധതിയിനത്തിൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-102-97—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 31 കോടി രൂപ

പദ്ധതിയേതരം - 37.8 കോടി രൂപ

58. സ്ഥലം വാങ്ങുന്നതിനും കാമ്പസ് പ്രവർത്തിപ്പിച്ചു തുടങ്ങുന്നതിനുമായി 50 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-104-99-01—സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ - ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 100.8257 കോടി രൂപ

59. സംസ്ഥാനത്തെ 3 സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 45 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-104-97—സ്വകാര്യ പോളിടെക്നിക്കുകൾ

01-(5)—വേതനം - മറ്റു അലവൻസുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 28.68 ലക്ഷം രൂപ

60. സംസ്ഥാനത്തെ 6 സ്വകാര്യ പോളിടെക്നിക്ക് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് 18 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-104-95 -31—വ്യാവസായിക സ്കൂളുകൾ - സഹായധനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 15 ലക്ഷം രൂപ

61. സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ സ്കൂളുകളിലെ അധ്യാപകർക്ക് മുൻവർഷത്തെ കടിശ്ശിക ഉൾപ്പെടെ ഗ്രാൻഡ് - ഇൻ - എയ്ഡും ഉൽസവബത്തയും അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-104-90—എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1 കോടി രൂപ

62. കായിക വിദ്യാഭ്യാസ വികസനം, വകുപ്പിനു കീഴിലെ എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-105-99-34-(3)—ഗവൺമെൻറ് പോളിടെക്നിക്കുകൾ - മറ്റുചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 15 ലക്ഷം രൂപ

63. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള 30 സർക്കാർ പോളിടെക്നിക്ക് കോളേജുകളിലെ മറ്റിനത്തിലുള്ള ചെലവ് ഒടുക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-105-98-34-(3)—വനിതാ പോളിടെക്നിക്കുകൾ -മറ്റു ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 2.31 ലക്ഷം രൂപ

64. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള 5 സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജുകളിലെ മറ്റിനം ഒടുക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-105-91—ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തുന്നതിനുള്ള വിഹിതം

34—മറ്റ് ചെലവുകൾ

3—മറ്റിനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 4 ലക്ഷം രൂപ

65. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തുന്നതിനുവേണ്ടി മറ്റു ചെലവുകളിൽ മറ്റിനത്തിൽ അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-108-99-34-(3)—പരീക്ഷാ വിഭാഗം - മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 3.36 കോടി രൂപ

66. ജോയിന്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഓഫീസിലെയും പോളിടെക്നിക്ക് കോളേജ്, ടി.എച്ച്.എസ്. തുടങ്ങിയ സ്ഥാപനങ്ങളിലെയും പരീക്ഷാ സംബന്ധമായ ചെലവുകൾ വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 64 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-81-02-(5)—പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ - വേതനം - ദിവസ വേതനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 50 ലക്ഷം രൂപ

67. സംസ്ഥാനത്തെ 5 പുതിയ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗസ്റ്റ് അധ്യാപകർക്ക് വേതനം നല്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-60—ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 20 കോടി രൂപ

പദ്ധതിയേതരം - ശമ്പളം - 14.51 കോടി രൂപ

68. നിർമ്മാണ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനും ജൻഡർ ഡെവലപ്മെന്റ് പ്രവർത്തനങ്ങൾക്കും, വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.64 കോടി രൂപയും ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും പദ്ധതിയേതരം - സഹായധനം - ശമ്പളം ഇനത്തിൽ 39.45 കോടി രൂപയും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും പദ്ധതിയേതരം - ശമ്പളേതരം - ഇനത്തിൽ 12.08 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-58—എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 4.3 കോടി രൂപ

പദ്ധതിയേതരം - ഇല്ല

69. കാസർഗോഡ് എൽ. ബി. എസ്. എഞ്ചിനീയറിംഗ് കോളേജിൽ ഒരു ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 2 കോടി രൂപ പദ്ധതിയിനത്തിൽ അധികമായും മലപ്പുറം, എൽ. ബി. എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 50 കോടി രൂപ പദ്ധതിയേതരയിനത്തിലും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഈ ശിപാർശ കഴിഞ്ഞ തവണയും ഉണ്ടായിരുന്നു.

2203-00-112-54—മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 5 കോടി രൂപ

70. നിലവിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക്ക് മാസ്റ്റർ പ്ലാൻ പ്രകാരം വികസന പ്രവർത്തനങ്ങളും ലാബുകളുടെ നവീകരണവും നടത്തുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-41—എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 18 കോടി രൂപ

71. പുതിയ 5 എഞ്ചിനീയറിംഗ് കോളേജുകളുടെ റവന്യൂ പദ്ധതി വിഹിതം ബഡ്ജറ്റിൽ അനുവദിച്ചതിനാൽ ശേഷിക്കുന്ന 4 കോളേജുകളെ പരിഗണിച്ച് നിലവിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക്ക് മാസ്റ്റർ പ്ലാൻ പ്രകാരം വികസന പ്രവർത്തനങ്ങളും ലാബുകളുടെ നവീകരണവും നടത്തുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 3.20 കോടി രൂപ

പദ്ധതിയേതരം - 74.23 ലക്ഷം രൂപ

72. ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്ന വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങിക്കുന്നതിനും വേരിയബിൾ ഡാറ്റാ സിസ്റ്റം സ്ഥാപിക്കുന്നതിനും സ്ഥല സൗകര്യം ഒരുക്കുന്നതിനും സെന്ററിൽ ഇപ്പോഴുള്ള യന്ത്രസംവിധാനങ്ങൾ ആധുനിക വത്കരിക്കുന്നതിനും ബഡ്ജറ്റ് വിഹിതത്തിനു പുറമെ 5 കോടി രൂപ പദ്ധതിയിനത്തിലും, സെന്ററിന്റെ കെട്ടിടങ്ങളുടെ അറ്റകുറ്റപണിക്കും മെഷീനറികളുടെ അറ്റകുറ്റപണിക്കുമായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-102-76—ദേശീയ റിപ്പബ്ലിക് പരേഡിൽ പങ്കെടുക്കുന്നതിനായുള്ള നാഷണൽ സർവീസ് സ്കീം വോളന്റിയേഴ്സിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1000 രൂപ

73. 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ബജറ്റിൽ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്ന എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് ട്രാക്ക്സ്യൂട്ട് വാങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ വകയായി 60,000 രൂപ അനുവദിച്ചു വരുന്നു. ആയതിനാൽ 2018-19 സാമ്പത്തിക വർഷവും 60,000 രൂപ അനുവദിച്ചു നൽകുന്നതിനും സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസിലെ ഔദ്യോഗിക വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവറുടെ

ശമ്പളം നൽകുന്നതിനും വാഹനത്തിന്റെ ഇന്ധന ചെലവിനായും സ്റ്റേറ്റ് എൻ.എസ്.എസ്. അവാർഡ് വിതരണ നടത്തിപ്പിനായും 7 ദിവസത്തെ നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് നടത്തുന്നതിനും പദ്ധതിയേതരയിനത്തിൽ 15.09 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-29—സ്പോർട്സ് നടത്തിപ്പിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനുമുള്ള സഹായം

02—കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 45 ലക്ഷം രൂപ

74. നിലവിലുള്ള എല്ലാ കോളേജുകളിലെയും കുട്ടികൾക്ക് കായിക പരിശീലന/ വിദ്യാഭ്യാസത്തിന് തുക നൽകുന്നതിനു വേണ്ടി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-99—സംഗീത കോളേജുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1 കോടി രൂപ

പദ്ധതിയേതരം - 11.1183 കോടി രൂപ

75. നാല് സംഗീത കോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ ജീവനക്കാരുടെ ശമ്പളവും യാത്രാബത്തയും നൽകുന്നതിനായി 42.07 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-81—സംഗീത കോളേജുകളുടെ യുവജനോത്സവം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 20,000 രൂപ

76. വിഹിതം നാല് കോളേജുകൾക്കായി വീതിച്ച് നൽകേണ്ടതിനാൽ 75,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-105-99—കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1.15 കോടിരൂപ

പദ്ധതിയേതരം - 26.2518 കോടി രൂപ

77. ലൈബ്രറിയുടെ കമ്പ്യൂട്ടർവത്കരണത്തിന് തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 85 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ആസ്ഥാന മന്ദിര നിർമ്മാണം, ലൈബ്രറികൾക്കുള്ള ഗ്രാന്റ് വർദ്ധനവ്, ലൈബ്രേറിയൻ അലവൻസ് വർദ്ധനവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 69.5 കോടി രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2205-00-105-96—ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 39,000 രൂപ

78. ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിപ്പ് തുക സർക്കാർ വർദ്ധിപ്പിച്ചതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 12,350 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-201-99—പ്രാഥമിക വിദ്യാഭ്യാസം കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

79. ബഡ്ജറ്റിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ആയതിനാൽ 8.43 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-202-99—സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

80. ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 38.26 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-202-90—അടിസ്ഥാന സൗകര്യം - ഹയർ സെക്കന്ററി വിദ്യാഭ്യാസം (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

81. ആവശ്യമായി വരുന്ന മുറയ്ക്ക് 3.31 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-202-86—സർക്കാർ ഹയർസെക്കന്ററി സ്കൂളുകൾക്കുള്ള ബഹുനില കെട്ടിട നിർമ്മാണം (നബാർഡ് ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 4 കോടി രൂപ

82. ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആവശ്യമായി വരുന്ന മുറയ്ക്ക് 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-99—ലോ കോളേജുകൾ ഉൾപ്പെടെ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 2.5 കോടി രൂപ

83. വിവിധ സർക്കാർ ലോ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണം പുരോഗമിക്കുന്നതിനാൽ 60.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-96—കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

84. പല സർക്കാർ കോളേജുകളിലെയും ഭൗതിക സൗകര്യ വികസനത്തിനായി 10.17 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-89—ഗവൺമെന്റ് കോളേജുകളിൽ വനിതാഹോസ്റ്റലുകളുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

85. ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 2.36 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-88—കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ-കോളേജുകൾക്കും ഹോസ്റ്റലുകൾക്കുംകെട്ടിട നിർമ്മാണം (ഒറ്റത്തവണ കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

86. ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 87 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-87—സർക്കാർ കോളേജുകളിൽ ലാബുകളുടെയും ലൈബ്രറികളുടെയും വികസനം (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

87. ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1.64 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-800-91—ജി. വി. രാജ സ്കൂൾ തിരുവനന്തപുരം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

88. ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 4.04 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-103-99—ടെക്നിക്കൽ ഹൈസ്കൂളുകൾ കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 7 കോടി രൂപ

89. വിവിധ കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുത്തു പൂർത്തിയാക്കാനുള്ളതിനാൽ 6.2535 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-104-99—പോളിടെക്നിക്കുകൾ കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 19 കോടി രൂപ

90. ഒട്ടേറെ പണികൾക്ക് ഭരണാനുമതി നൽകുകയും അവ തുടർന്ന് വരുകയും ചെയ്തിട്ടുള്ളതുമായതിനാൽ 26.6686 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-104-96—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

91. ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 3.74 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-104-94—പോളിടെക്നിക്ക് കെട്ടിടങ്ങൾ (ഒറ്റത്തവണ കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

92. ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 1.36 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-99—കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 3 കോടി രൂപ

93. ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-98—മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

94. ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-96—മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

95. ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 32.80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-93—തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്-ഒറ്റത്തവണ അധിക കേന്ദ്രസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 3 കോടി രൂപ

96. ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-92—കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് (ഒറ്റത്തവണ കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 3 കോടി രൂപ

97. ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-90—മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 5 കോടി രൂപ

98. ആവശ്യമായി വരുന്ന മുറയ്ക്ക് 70 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-89—രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 3 കോടി രൂപ

പദ്ധതിയേതരം - ഇല്ല

99. ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-800-95—ഐ.ടി.ഐ. കെട്ടിടങ്ങളുടെ മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

100. ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല ആവശ്യമായി വരുന്ന മുറയ്ക്ക് 22.81 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-800-93—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് കെട്ടിടങ്ങൾ - മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1 കോടി രൂപ

101. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ ആവശ്യമായി വരുന്ന മുറയ്ക്ക് 2.6437 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-800-87—ഐ.റ്റി.ഐ.കളിൽ സ്ത്രീകൾക്കായി ഹോസ്റ്റൽ നിർമ്മാണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - ഇല്ല

102. ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആവശ്യമായി വരുന്ന മുറയ്ക്ക് 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-03-800-91—എൻ.സി.സി. കെട്ടിട നിർമ്മാണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 5 കോടി രൂപ

103. തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ എൻ.സി.സി.-ക്ക് ഓഫീസ് കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-101-97—നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി (എൽ.എ.സി.എ.ഡി.എസ്.)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 2 കോടി രൂപ

പദ്ധതിയേതരം - 50 ലക്ഷം രൂപ

104. ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ ആവശ്യം വരുന്ന പക്ഷം 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാംസ്കാരികകാര്യ വകുപ്പ്

2202-05-102-98—സംസ്ഥാനസർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1.66 കോടി രൂപ

പദ്ധതിയേതരം - 2.7285 കോടി രൂപ

105. 2018-19 സാമ്പത്തികവർഷത്തിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം, ഡി.എ. കുടിശ്ശിക എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും പദ്ധതിയേതരയിനത്തിൽ 4.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-97—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1.7 കോടി രൂപ

പദ്ധതിയേതരം - 1.3555 കോടി രൂപ

106. ജീവനക്കാരുടെ ശമ്പളവും മറ്റും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1.5945 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 2.2 കോടി രൂപ

പദ്ധതിയേതരം - 3.4772 കോടി രൂപ

107. ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതിയിനത്തിൽ 3 കോടി രൂപയും ദിവസ-കരാർ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം നൽകുന്നതിനും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനുമായി പദ്ധതിയേതര ഇനത്തിൽ 3 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി - ധനസഹായം

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 60 ലക്ഷം രൂപ

പദ്ധതിയേതരം - ഇല്ല

108. കേരള ബുക്ക് മാർക്കറ്റിംഗ് സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും, പദ്ധതിയേതരയിനത്തിൽ 1.5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-86—മലയാളം മിഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1.6 കോടി രൂപ

പദ്ധതിയേതരം - 28.88 ലക്ഷം രൂപ

109. മലയാളം മിഷന്റെ പഠന കേന്ദ്രങ്ങൾ എല്ലായിടത്തും തുടങ്ങുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.11 കോടി രൂപയും ജീവനക്കാരുടെ ശമ്പളവും മറ്റ് ഓഫീസ് ചെലവുകളും തടസ്സം കൂടാതെ നടത്തുന്നതിനായി പദ്ധതിയേതരയിനത്തിൽ 1.01 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-97—കേരള കലാമണ്ഡലം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 12.50 കോടി രൂപ

പദ്ധതിയേതരം - 7.0455 കോടി രൂപ

110. പദ്ധതിയിന ചെലവുകളിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാൽ നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പദ്ധതിയിനത്തിൽ 32.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതിയിതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകേണ്ടതിനാലും പദ്ധതിയേതര ഇനത്തിൽ 12.42 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-96—ജവഹർ ബാലഭവൻ

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 48.3 ലക്ഷം രൂപ

36—സഹായധനം - ശമ്പളേതരം

പദ്ധതിയിനം - 1.3 കോടി രൂപ

പദ്ധതിയേതരം - 1.2411 കോടി രൂപ

111. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ബാലഭവനുകളുടെ വിവിധ പദ്ധതി വികസന പ്രവർത്തനങ്ങൾക്കായും ജീവനക്കാരുടെ ശമ്പളത്തിനാവശ്യമായ തുക വകയിരുത്തുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 5 കോടി രൂപയും തിരുവനന്തപുരം ബാലഭവന് മാത്രമായി പദ്ധതിയിനത്തിൽ 2.0314 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-97-36—കേരള സാഹിത്യ അക്കാദമി ധനസഹായം - സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 3 കോടി രൂപ

പദ്ധതിയേതരം - 1.3501 കോടി രൂപ

112. കേരള സാഹിത്യ അക്കാദമി വിഭാവനം ചെയ്യു പദ്ധതികളുടെ സമഗ്രമായ നടത്തിപ്പിനും വിവിധ നവീകരണ പ്രവർത്തനങ്ങൾക്കും മൺമറഞ്ഞ സാഹിത്യകാരന്മാരുടെ സ്മാരകങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി 1.6 കോടി രൂപ പദ്ധതിയിനത്തിലും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 1.2 കോടി രൂപ പദ്ധിയേതര ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-91-36—കേരള ലളിതകലാ അക്കാഡമി - സഹായധനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 5 കോടി രൂപ

പദ്ധതിയേതരം - 1.8902 കോടി രൂപ

113. കണ്ണൂർ കാക്കണ്ണൻപാറ കലാഗ്രാമ വികസനത്തിനും കിളിമാനൂരിൽ രാജാ രവിവർമ്മ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 1.7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-90—കേരള സംഗീത നാടക അക്കാഡമി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 5.1 കോടി രൂപ

പദ്ധതിയേതരം - 1.2150 കോടി രൂപ

114. അക്കാദമിക്ക് കീഴിലുള്ള ഭരത് മുരളി പുരസ്കാരങ്ങ്, കെ. ടി. മുഹമ്മദ് സ്മാരക തിയേറ്റർ, നാട്യഗൃഹം, ആർട്ടിസ്റ്റ് കോളേജ് എന്നിവ അന്താരാഷ്ട്ര നാടകോത്സവത്തിന് ഉതകുന്നവിധം അറ്റകുറ്റപണികൾ നടത്തുന്നതിനും, ആർക്കൈവ്സിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും, അക്കാദമി വജ്രജൂബിലി ആഘോഷങ്ങൾക്കുമായി പദ്ധതിയിനത്തിൽ 2 കോടി രൂപയും ജീവനക്കാരുടെ വേതനത്തിനും അക്കാദമി അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാഹന-ഇന്ധനം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള തുക കാലാനുസൃതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പദ്ധതിയേതരയിനത്തിൽ 1.02 കോടി രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-87-36—നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം - സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 4.2 കോടി രൂപ

115. നിലവിൽ പ്രസ്തുത പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനായി ടി ശീർഷകത്തിൽ 1.2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-86—മാർഗി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 60 ലക്ഷം രൂപ

116. കൂടിയാട്ടത്തിന്റെ പരിപോഷണത്തിനും വർണ്ണാഭമായ വേഷവിധാനങ്ങൾ വാദ്യോപകരണങ്ങൾ എന്നീ ചെലവുകൾക്കും കലാകാരന്മാർക്ക് വിദഗ്ധ പരിശീലനത്തിനും മാർഗി പ്രവർത്തിക്കുന്ന കെട്ടിടത്തിലെ വെള്ളക്കര കുടിശ്ശിക അടച്ചുതീർക്കുന്നതിനുമായി 25 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-82-36—തിരുവനന്തപുരം ഭാരത് ഭവൻ - സഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 90 ലക്ഷം രൂപ

പദ്ധതിയേതരം - 12.24 ലക്ഷം രൂപ

117. ദേശീയ വിവർത്തന ശിബിരം, ട്രാൻസ് ഗ്ലോബൽ ഫെസ്റ്റ്, വാമൊഴിവഴക്കം തുടങ്ങിയ വിവിധ പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 46 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 31.68 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-80—നാട്ടരങ്ങ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 50 ലക്ഷം രൂപ

118. പദ്ധതിയുടെ ആദ്യ വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ ചുരുങ്ങിയത് 250 നാട്ടരങ്ങുകളെങ്കിലും സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 3.25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-78—എഴുത്തച്ഛൻ പുരസ്കാരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1.50 ലക്ഷം രൂപ

119. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ ഗുരുസ്ഥാനീയരായ സാഹിത്യകാരന്മാരെ ആദരിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എഴുത്തച്ഛൻ പുരസ്കാര തുക 1.50 ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 3.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-76-36—ഗുരു ഗോപിനാഥ് നടനഗ്രാമം - സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 47 ലക്ഷം രൂപ

പദ്ധതിയേതരം - 48.97 ലക്ഷം രൂപ

120. നൃത്തമ്യൂസിയത്തെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അന്തർദേശീയ നൃത്തോത്സവം നടത്തുന്നതിനും, കലാശാല മന്ദിരം നിർമ്മിക്കുന്നതിനും 5.67 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്നും അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്കുമായി പദ്ധതിയേതരയിനത്തിൽ 32.63 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-75—കേരളത്തിൽ നടത്തുന്ന അന്തർദേശീയ ഫിലിം മേള

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 63 ലക്ഷം രൂപ

&

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 7.75 കോടി രൂപ

പദ്ധതിയേതരം - 3.2031 കോടി രൂപ

121. അന്തർദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹനം എന്നിവയ്ക്കും മലയാള സിനിമയുടെ നവതി ആഘോഷങ്ങൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.22 കോടി രൂപയും പദ്ധതിയേതരയിനത്തിൽ അന്തർദേശീയ ചലച്ചിത്രമേളയ്ക്കായി 47 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-74-36—കേരള നാടൻകല അക്കാഡമി - സഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 2.4 കോടി രൂപ

പദ്ധതിയേതരം - 27.41 ലക്ഷം രൂപ

122. കണ്ണപുരം കലാഗ്രാമത്തിൽ മ്യൂസിയം, ലൈബ്രറി എന്നിവയുടെ നിർമ്മാണം, കണ്ണപ്പെരുവണ്ണാൻ സ്മാരക തെയ്യം കലാകേന്ദ്രത്തിന് കെട്ടിട നിർമ്മാണം, കലാഭവൻ മണി സ്മാരക ചാലക്കുടി സെന്ററിന്റെ പ്രവർത്തനം തുടങ്ങിയവയ്ക്കും മറ്റുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 13.45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 65 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-71—കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 3 കോടി രൂപ

123. നാടൻ കലാകാരന്മാരുടെയും കൈത്തൊഴിലുകാരുടേയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് യുനെസ്കോ പോലുള്ള സംഘടനകളുടെ സഹായത്തോടെ റൂറൽ ആർട്ട് ഹബ്ബ് രൂപീകരിക്കുന്നതിനും ആദ്യഘട്ട പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-68-36—വാസ്തു വിദ്യാ ഗുരുകുലം - സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 70 ലക്ഷം രൂപ

124. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 88.50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-63—മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 5 ലക്ഷം രൂപ

പദ്ധതിയേതരം - 69.87 ലക്ഷം രൂപ

125. മൊയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയിലെ വികസന പ്രവർത്തനങ്ങൾക്കും മാപ്പിള കലാസാഹിത്യ പ്രവർത്തനങ്ങൾക്കുമായി ഈ സാമ്പത്തികവർഷം പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 3.16 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം തോന്നയ്ക്കൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 60 ലക്ഷം രൂപ

പദ്ധതിയേതരം - 25 ലക്ഷം രൂപ

126. കേന്ദ്രത്തിലെ വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിനായും വിവിധയിനം സാംസ്കാരിക പരിപാടികളുടെ സംഘാടനത്തിനായും കേന്ദ്രത്തിനായി സ്ഥലമേറ്റെടുത്തതിന് കോടതി വിധിയേത്തുടർന്ന് അഡീഷണൽ കോമ്പൻസേഷൻ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 3.14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-40—വൈലോപ്പിള്ളി സംസ്കൃതി ഭവൻ - (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം)

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 80 ലക്ഷം രൂപ

പദ്ധതിയേതരം - 85 ലക്ഷം രൂപ

127. സ്ഥാപനത്തിന്റെ അടിസ്ഥാന വികസനത്തിനും വിവിധോദ്ദേശ്യ സാംസ്കാരിക ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുമായി പദ്ധതിയിനത്തിൽ 6.5 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 55 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-34—തിയേറ്റർ ഫെസ്റ്റിവൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - ഇല്ല

പദ്ധതിയേതരം - 1000 രൂപ

128. കഴിഞ്ഞ 10 വർഷമായി കേരള സംഗീത നാടക അക്കാദമി പദ്ധതി ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്ന അന്താരാഷ്ട്ര നാടകോത്സവം സംഘടിപ്പിക്കുന്നതിനായി 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-18—കേരള സംസ്കാരത്തിന്റെ വ്യാപനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1.3 കോടി രൂപ

129. കേരളത്തിന്റെ തനത് സംസ്കൃതിയുടെ വ്യാപനം ലക്ഷ്യമാക്കിയും ഇതര സംസ്ഥാനങ്ങളിലും രാജ്യത്തിന് പുറത്തും സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ വ്യാപനം എന്ന പദ്ധതിയുടെ തുടർച്ചയായി, സാംസ്കാരിക വെബ്സൈറ്റിൽ അധികവിവരങ്ങൾ ചേർക്കുന്നതിനും വെബ്സൈറ്റിന്റെ പ്രചാരണത്തിനും നടത്തിപ്പിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-89—പുരാവസ്തു - കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 6 കോടി രൂപ

130. സ്ഥലം വാങ്ങി ആസ്ഥാന മന്ദിരം പണിയുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-85—പൈതൃക പഠന കേന്ദ്രം

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം - 1.1 കോടി രൂപ

പദ്ധതിയേതരം - ഇല്ല

131. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതി ചെലവുകൾക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ പദ്ധതി-പദ്ധതിയേതരയിനങ്ങൾക്കായി 2018-19 വർഷത്തെ പദ്ധതിവിഹിതവും തനത് വരുമാനവും ഉൾപ്പെടെ ആകെ 19,41,800 രൂപ കണക്കാക്കുന്നു. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 57.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-80—ജില്ലാതലത്തിലുള്ള പുരാവസ്തു/പൈതൃക മ്യൂസിയം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 6.5 കോടി രൂപ

പദ്ധതിയേതരം - ഇല്ല

132. പഴശ്ശികോവിലകം വാങ്ങുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-107-99—ആർട്ടുമ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം

05-(1)—ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 43.05 ലക്ഷം രൂപ

133. വാട്ടർ ചാർജിനത്തിൽവന്ന കടിശ്ശിക തീർക്കണമെന്നുള്ള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് അധിക ഫണ്ട് ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-107-93—മ്യൂസിയങ്ങളുടെയും ഗാലറികളുടെയും നവീകരണവും മ്യൂസിയം കാമ്പസിന്റെ വികസനവും

ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം - 13.20 കോടി രൂപ

134. കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽ പെരളശ്ശേരി പഞ്ചായത്തിൽ എ. കെ. ജി. സ്മൃതി മ്യൂസിയവും സ്മാരകവും സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധികതുകയായ 10 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 5 കോടി രൂപ

2205-00-102-65-33—മലയാളചിത്രങ്ങൾക്കുള്ള സബ്സിഡി - സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1.41 കോടി രൂപ

135. കെ.എസ്.എഫ്.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള കോഴിക്കോട് കൈരളി/ശ്രീ തിയേറ്ററിന് സമീപം പുതിയ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനും കോർപ്പറേഷന്റെ ഒറ്റപ്പാലത്തുള്ള സ്ഥലത്ത് ഒരു ഫിലിം കോംപ്ലക്സ് സ്ഥാപിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 7

കോടി രൂപയും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചതിനാലും മുൻകാലങ്ങളിൽ നിർമ്മിച്ച ചിത്രങ്ങൾക്കുള്ള സബ്സിഡി കുടിശ്ശിക നൽകുന്നതിനു വേണ്ടിയും പദ്ധതിയേതരയിനത്തിൽ 4.6 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കായിക യുവജനകാര്യ വകുപ്പ്

2204-00-101-99—കായിക വിദ്യാഭ്യാസ കോളേജുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1.2 കോടി രൂപ

പദ്ധതിയേതരം - 1.8072 കോടി രൂപ

136. ട്രാക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതിയിനത്തിൽ 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ജീവനക്കാരുടെ യാത്രാബത്ത പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 15.33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-98—യൂത്ത് വെൽഫയർ ബോർഡ്

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 23 കോടി രൂപ

31—സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 36.07 ലക്ഷം രൂപ

137. ജീവനക്കാരുടെ ശമ്പളം, റ്റി.എ, ഓഫീസ് ചെലവുകൾ, പി.ഓ.എൽ. എന്നിവക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-103-68—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ

31—സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 78.26 ലക്ഷം രൂപ

138. ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും അംഗങ്ങൾക്ക് ഓണറേറിയവും പെൻഷനും നൽകേണ്ടതിനാൽ 52.38 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 1.3 കോടി രൂപ

പദ്ധതിയേതരം - 11.50 ലക്ഷം രൂപ

കമ്മീഷന്റെ പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിന് പദ്ധതിയിനത്തിൽ 20 ലക്ഷം രൂപയും ചെയർപേഴ്സന്റെ ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് പദ്ധതിയേതരയിനത്തിൽ 13.58 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-97—കേരള സ്പോർട്സ് കൗൺസിൽ

31—സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 10.8095 കോടി രൂപ

139. സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം, പുതുക്കിയ ഡി. എ., ഡി. എ. കുടിശ്ശിക, എന്നിവയും പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 34.003 കോടി രൂപ

പദ്ധതിയേതരം - 5.7951 കോടി രൂപ

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും, സ്ഥാപനത്തിലെ കായികതാരങ്ങൾ, ജീവനക്കാർ, പരിശീലകർ എന്നിവർക്ക് ഗ്രൂപ്പ് ഹെൽത്ത് ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനും, അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതിക്കു വേണ്ടിയും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
സബ്ജക്ട് കമ്മിറ്റി *VI*.

തിരുവനന്തപുരം,
2018 ഫെബ്രുവരി 20.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.